പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 859

12/06/2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

തിരുവനന്തപുരം ജില്ലയിലെ നദികളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| തിരുവനന്തപുരം ജില്ലയിലെ കരമനയാർ, കിള്ളി യാർ എന്നീ നദികളുടെ ശുചീകരണം, സംര ക്ഷണ ഭിത്തി നിർമ്മാണം, കയ്യേറ്റങ്ങൾ ഒഴിപ്പി ക്കൽ എന്നിവയ്ക്കായി ഈ സർക്കാർ അധി കാരമേറ്റതിനുശേഷം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ? | സർക്കാർ ഉത്തരവ് നം. (Rt) 117/12/WRD തീയതി 23/01/2012 പ്രകാരം കരമന, കിള്ളി എന്നീ നദികളുടെ തകർന്ന് വീണ സംരക്ഷണ ഭിത്തി പുനരുദ്ധാരണത്തിനായും അടിഞ്ഞു കിടക്കുന്ന മൺപുറ്റുകൾ നീക്കം ചെയ്യുന്നതി നായും, തകർന്ന ബണ്ട് പുനർ നിർമ്മാണത്തി നായും 22.50 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. പണികൾ പല ഘട്ട ങ്ങളിലായി നടന്നുവരികയാണ്.<br>തിരുവനന്തപുരം ജില്ലയിലെ കരമന, കിള്ളിയാർ എന്നിവയുടെ തീരം കയ്യേറിയത് ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് തിരുവനന്തപുരം നഗരസഭ അധികൃതരുമായി പ്രാരംഭ ചർച്ച നടത്തുകയും താലൂക്ക് സർവ്വെയർ, നഗരസഭാ സർവ്വെയർ എന്നിവർ യോജിച്ച് സർവ്വെ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി നഗരസഭ മുഖാന്തിരം ഒഴിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് |

സെക്ഷൻ ഓഫീസർ